# ജനഹിതം

വാർത്താപത്രിക

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

ലക്കം 01

ജനുവരി 2026

## തിരഞ്ഞെടുപ്പ് കമ്മീഷനിൽ

# റിപ്പബ്ളിക് ദിനം ആഘോഷിച്ചു

ജനാഭിലാഷത്തിനനുസരിച്ച് പ്രവർത്തിക്കാൻ ജനപ്രതിനിധികൾ ബാധ്യസ്ഥരാണെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ റിപ്പബ്ളിക്ദിന സന്ദേശത്തിൽ പറഞ്ഞു. തങ്ങൾ ആഗ്രഹിക്കുന്ന ജനപ്രതിനിധികളെ തിരഞ്ഞെടുക്കാനുള്ള അവസരമാണ് പൗരൻമാർക്ക് തിരഞ്ഞെടുപ്പുകളിലൂടെ ലഭിക്കുന്നത്. തിരഞ്ഞെടുപ്പ് പ്രക്രിയ ഭംഗിയായി നടത്തുകയെന്നത് തിരഞ്ഞെടുപ്പ് കമ്മീഷനുകളുടെ ഉത്തരവാദിത്തമാണെന്നും കമ്മീഷണർ പറഞ്ഞു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ നടന്ന ചടങ്ങിൽ കമ്മീഷണർ ദേശീയ പതാക ഉയർത്തി. റിപ്പബ്ളിക് ദിനാഘോഷത്തോടനുബന്ധിച്ച് കമ്മീഷണർ വൃക്ഷത്തൈകൾ നട്ടു. സെക്രട്ടറി ബി.എസ്. പ്രകാശ്, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.




സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, ജനഹിതം, ടി.സി-27/6(2), വികാസ് ഭവൻ പി.ഒ,
തിരുവനന്തപുരം-695033, ഫോൺ 0471 2325048, Email : cru.sec@kerala.gov.in, Website : www.sec.kerala.gov.in,
Facebook @ StateElectionCommissionKerala, Instagram : sec_kerala_official




# നൂറു ശതമാനം വോട്ടിങ്ങുമായി കേരളം മാതൃകയാവണം: ഗവർണർ

വോട്ടിങ്ങിൽ നൂറു ശതമാനം നേടി സംസ്ഥാനം മാതൃകയാകണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ. തിരുവനന്തപുരം കനകക്കുന്നിൽ ദേശീയ സമ്മതിദായക ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കോടിക്കണക്കിന് വോട്ടർമാരുള്ള സ്ഥലത്ത് ഇത് ആയാസകരമാണ്. ഇതിനായി ജനങ്ങൾക്കിടയിൽ ബോധവത്കരണം അത്യാവശ്യമാണെന്നും പ്രയത്നിക്കേണ്ടതുണ്ടെന്നും ഗവർണർ പറഞ്ഞു. ഈ ദിനം വോട്ടവകാശത്തെക്കുറിച്ചുള്ള ബോധവൽക്കരണം മാത്രമല്ല, നമ്മുടെ ജനാധിപത്യ സംവിധാനത്തെ സംരക്ഷിക്കുന്നതിനായി തിരഞ്ഞെടുപ്പ് കമ്മീഷനുകൾക്ക് ഭരണഘടന നൽകുന്ന ഉത്തരവാദിത്വങ്ങൾ ഓർമ്മിപ്പിക്കുന്നതുമാണെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ പറഞ്ഞു. ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 243 പ്രകാരം, സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകളുടെ നടത്തിപ്പും, വോട്ടർ പട്ടികയുടെ തയ്യാറെടുപ്പും മേൽനോട്ടവും നിയന്ത്രണവും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമായ ഭരണഘടനാപരമായ കടമകളാണ്. ഇത് ഒരു ഭരണനടപടിയല്ല, മറിച്ച് സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പുകളുടെ അടിത്തറയാണ്. കേരളത്തിലെ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവ ഉൾപ്പെടുന്ന ത്രിതല തദ്ദേശസ്വയംഭരണ സംവിധാനം ജനജീവിതവുമായി ഏറ്റവും അടുത്ത് ബന്ധപ്പെട്ട ജനാധിപത്യ സ്ഥാപനങ്ങളാണ്. അതിനാൽ, ഇവിടങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകളുടെ വിശ്വാസ്യത വോട്ടർപട്ടികയുടെ ശുദ്ധിയെയും കൃത്യതയെയും ആശ്രയിച്ചിരിക്കുന്നുവെന്നും കമ്മീഷണർ പറഞ്ഞു. ഒരു ശുദ്ധമായ വോട്ടർ പട്ടിക വെറും ഒരു ഔദ്യോഗിക രേഖയല്ല. അത് ഒരു വോട്ട് – ഒരു വ്യക്തി എന്ന ജനാധിപത്യ തത്വത്തിന്റെ സംരക്ഷകനാണ്. അർഹരായ ഒരാളും വോട്ടവകാശത്തിൽ നിന്ന് ഒഴിവാക്കപ്പെടരുത്, അതേ സമയം അർഹതയില്ലാത്ത ഒരാളും തിരഞ്ഞെടുപ്പ് പ്രക്രിയയെ ബാധിക്കരുത് എന്നതാണ് അതിന്റെ ലക്ഷ്യം. വോട്ടർപട്ടികയിലെ കൃത്യതയാണ് തിരഞ്ഞെടുപ്പ് ഫലങ്ങളിലേക്കുള്ള പൊതുജന വിശ്വാസത്തിന്റെ അടിസ്ഥാനം. അതേസമയം, ഒരു ശുദ്ധമായ വോട്ടർപട്ടിക നിലനിർത്തുന്നത് തിരഞ്ഞെടുപ്പ് കമ്മീഷന്റെ മാത്രം ഉത്തരവാദിത്വമല്ല. രാഷ്ട്രീയ കക്ഷികൾ, തദ്ദേശസ്ഥാപന പ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുസമൂഹം, അതിലുപരി ഓരോ വോട്ടറും ഈ പ്രക്രിയയിൽ പങ്കാളികളാകണം. വിലാസമാറ്റങ്ങൾ അറിയിക്കുക, മരണവിവരങ്ങൾ റിപ്പോർട്ട് ചെയ്യുക, സ്വന്തം പേരിന്റെ കൃത്യത ഉറപ്പാക്കുക ഇവയെല്ലാം ജനാധിപത്യത്തോടുള്ള പൗരധർമ്മമാണെന്നും കമ്മീഷണർ ഓർമ്മിപ്പിച്ചു. ചടങ്ങിൽ ദേശീയ സമ്മതിദായക പ്രതിജ്ഞ ഗവർണർ ചൊല്ലിക്കൊടുത്തു. വിവിധ പുരസ്കാരങ്ങൾ അദ്ദേഹം വിതരണംചെയ്തു. വെർച്വൽ റിയാലിറ്റി പോളിങ് ബൂത്തിന്റെ ഉദ്ഘാടനവും കോഫി ടേബിൾ ബുക്ക് പ്രകാശനവും ഗവർണർ നിർവഹിച്ചു. മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. ഖേൽക്കർ, തിരുവനന്തപുരം ജില്ലാ കളക്ടർ അനുകുമാരി എന്നിവരും സംസാരിച്ചു.

### തദ്ദേശ പൊതുതിരഞ്ഞെടുപ്പ്

## ചെലവ് കണക്ക് സമർപ്പിക്കാത്തവർക്ക് എതിരെ അയോഗ്യതാ നടപടി

തദ്ദേശ പൊതുതിരഞ്ഞെടുപ്പിൽ മത്സരിച്ചവർക്ക് തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിക്കാനുള്ള സമയപരിധി ജനുവരി 12ന് അവസാനിച്ചു. മത്സരിച്ച 75627 സ്ഥാനാർത്ഥികളിൽ ഓൺലൈനായി ആകെ 56173 പേർകണക്ക് സമർപ്പിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് നേരിട്ട് സമർപ്പിച്ചവരുടെ എണ്ണം ഉൾപ്പെടാത്ത കണക്കാണിത്. ഓൺലൈനായി സമർപ്പിക്കാൻ കഴിയാത്തവർക്ക് അതതു തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് നേരിട്ട് സമർപ്പിക്കാനും അവസരം നൽകിയിരുന്നു. ഓൺലൈനായും നേരിട്ടും സമർപ്പിച്ച കണക്കുകളും ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് ജനുവരി 31 നകം കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കാൻ തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. സെക്രട്ടറിമാരുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കണക്ക് സമർപ്പിക്കാത്തവർക്കെതിരെ അയോഗ്യത നടപടി സ്വീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു.

# മൂന്ന് തദ്ദേശസ്വയംഭരണ വാർഡുകളിലേക്കുള്ള **പ്രത്യേക തിരഞ്ഞെടുപ്പ്**

UDF **യുഡിഎഫ്-2**

LDF **എൽഡിഎഫ്-1**

സംസ്ഥാനത്ത് ജനുവരി 12 ന് നടന്ന മൂന്ന് തദ്ദേശസ്വയംഭരണ വാർഡുകളിലെ പ്രത്യേക തിരഞ്ഞെടുപ്പിൽ യുഡിഎഫ് രണ്ടും എൽ ഡിഎഫ് ഒന്നും വാർഡുകളിൽ വിജയിച്ചു. തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം വാർഡിൽ യുഡിഎഫ് സ്ഥാനാർത്ഥി കെ.എച്ച്. സുധീർഖാൻ (ഐഎൻസി) 83 വോട്ടുകൾക്കും മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിലെ പായിമ്പാടം വാർഡിൽ യുഡിഎഫ് സ്ഥാനാർത്ഥി കൊരമ്പയിൽ സുബൈദ (ഐയു എംഎൽ) 222 വോട്ടുകൾക്കും എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ ഓണക്കൂർ വാർ ഡിൽ എൽഡിഎഫ് സ്ഥാനാർത്ഥി സി.ബി. രാജീവ് (സിപിഎം) 221 വോട്ടുകൾക്കുമാണ് വിജയിച്ചത്. ഡിസംബർ 9–ാം തീയതിയിലെ പൊതുതിരഞ്ഞെടുപ്പിൽ സ്ഥാനാർ ത്ഥികളുടെ മരണംമൂലം വോട്ടെടുപ്പ് മാറ്റിവച്ച വാർഡുകളിലേയ്ക്കാണ് പ്രത്യേക തിരഞ്ഞെടുപ്പ് നടത്തിയത്. ഈ മൂന്ന് വാർഡുകളിലെയും തിരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർ ത്ഥികൾ തിരഞ്ഞെടുപ്പ് ചെലവ് കണക്ക് 2026 ഫെബ്രുവരി 11 നകം അതത് തദ്ദേശസ്ഥാപന സെക്രട്ടറി മാർക്ക് സമർപ്പിക്കണം.



## ക്രിസ്തുമസ്, പുതുവത്സരാഘോഷം

തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ സ്റ്റാഫ് വെൽഫെയർ ക്ളബ്ബിന്റെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ്, പുതുവത്സരാഘോഷങ്ങൾ നടത്തി. കമ്മീഷണർ എ.ഷാജഹാൻ ക്രിസ്തുമസ്, പുതുവത്സര സന്ദേശങ്ങൾ നൽകി. സെക്രട്ടറി ബി.എസ്.പ്രകാശ്, ക്ളബ്ബംഗങ്ങൾ എന്നിവർ പങ്കെടുത്തു. എല്ലാ ക്ളബ്ബംഗങ്ങൾക്കും ക്രിസ്തുമസ്, പുതുവത്സര ഉപഹാരങ്ങൾ വിതരണം ചെയ്തു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാനും സെക്രട്ടറി ബി.എസ്. പ്രകാശും ചേർന്ന് വൃക്ഷത്തൈ നടുന്നു.






## കമ്പിളികണ്ടത്തെ കൽഭരണികൾ: ബാബു എബ്രഹാമിനെ ആദരിച്ചു

കഴിഞ്ഞ വർഷത്തെ മലയാളത്തിലെ ബെസ്റ്റ് സെല്ലറായി മാറിയ കമ്പിളികണ്ടത്തെ കൽഭരണികൾ എന്ന നോവലിന്റെ രചയിതാവ് ബാബു എബ്രഹാമിനെ സ്റ്റാഫ് വെൽഫെയർ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ആദരിച്ചു. ചടങ്ങിൽ കമ്മീഷണർ എ.ഷാജഹാൻ പുസ്തകപരിചയം നടത്തി. സെക്രട്ടറി ബി.എസ്.പ്രകാശ്, വെൽഫെയർ ക്ലബ്ബ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു. നോവലിസ്റ്റ് ബാബു എബ്രഹാം വെൽഫെയർ ക്ലബ്ബ് അംഗങ്ങളുമായി തന്റെ അനുഭവങ്ങൾ പങ്കുവെച്ചു.



സെക്രട്ടേറിയറ്റ് പൊതുഭരണവകുപ്പിലേക്ക് സ്ഥലംമാറി പോകുന്ന സെക്ഷൻ ഓഫീസർ എസ്. അനിൽകുമാറിന് കമ്മീഷണർ എ. ഷാജഹാൻ ഉപഹാരം സമ്മാനിക്കുന്നു. സെക്രട്ടറി ബി.എസ്. പ്രകാശ് സമീപം

# പത്രവാർത്തകളിലൂടെ

## ഗ്രാമസഭയിൽ പങ്കെടുക്കാം, ഓൺലൈനായി

തദ്ദേശസ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ വേഗത്തിലാക്കാൻ കൊണ്ടുവന്ന ആപ്ലിക്കേഷൻ കെ-സ്മാർട്ടിൽ ഗ്രാമസഭാ യോഗങ്ങളും ഉൾപ്പെടുത്തും. ഗ്രാമ സഭാ യോഗങ്ങളിൽ വാർഡുകളിലുള്ളവർ നേരിട്ട് പങ്കെടുക്കണമെന്നാണ് വ്യവസ്ഥ. അതിനാൽ കെ-സ്മാർട്ടുവഴി ഓൺലൈനായി പങ്കെടുക്കാൻ നിയമഭേദഗതി കൊണ്ടുവരാനാണ് ശ്രമം. അല്ലെങ്കിൽ സർക്കാർ പ്രത്യേക ഉത്തരവിറക്കും. വാർഡിൽ ഇല്ലാത്തവർക്ക് എവിടെ നിന്നും പങ്കെടുക്കാനുള്ള അവസരമാണൊരുങ്ങുന്നത്. തദ്ദേശസ്ഥാപനങ്ങളിലെ എല്ലാ ജനപ്രതിനിധികൾക്കും കെ-സ്മാർട്ടിൽ ലോഗിൻ ഐഡി നൽകിയിട്ടുണ്ട്. ഇനിമുതൽ ഭരണസമിതി യോഗങ്ങളുടെ കുറിപ്പ്, അജൻഡ, തീരുമാനം, അവിശ്വാസപ്രമേയ നോട്ടീസ്, മറുപടി, ഭരണസമിതി തീരുമാനങ്ങൾ എന്നിവ കെ-സ്മാർട്ടിലെ മാനേജ്മെന്റ് മൊഡ്യൂൾ വഴിയാക്കും.

(മാതൃഭൂമി, ജനുവരി 6)

## കെട്ടിടങ്ങൾക്ക് ബിൽഡിങ് കാർഡ്; വീട്ടുനമ്പർ മാറും

സംസ്ഥാനത്തെ വീടുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങൾക്ക് ബിൽഡിങ് കാർഡ് വരുന്നു. വാർഡ് പുനർവിഭജനത്തെ തുടർന്നാണ് നടപടി. ഇതോടെ വീടുകൾക്ക് ഉൾപ്പെടെ പുതിയ നമ്പർ ലഭിക്കും. ഇതിന് മുമ്പ് നടന്ന വാർഡ് വിഭജന സമയത്തും പ്രസ്തുത കെട്ടിടങ്ങൾക്ക് ഉണ്ടായിരുന്ന നമ്പറും കാർഡിൽ രേഖപ്പെടുത്തും. അതിനാൽ നിലവിലുള്ള രേഖകളിൽ വീട്ടുനമ്പർ തിരുത്തേണ്ടതില്ലെന്ന് ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം) ഡയറക്ടർ സന്തോഷ് ബാബു പറഞ്ഞു. കെ-സ്മാർട്ട് വഴിയാണ് കെട്ടിട നമ്പർ പുനക്രമീകരിക്കുക. തദ്ദേശ സ്ഥാപനങ്ങളിൽ ഇതിനുള്ള പ്രവർത്തനം ആരംഭിച്ചു. ആദ്യം വാർഡ് നമ്പറും രണ്ടാമത് കെട്ടിടനമ്പറും സൂചിപ്പിക്കുന്ന നിലയിലാകും ക്രമീകരണം. ഭാവിയിൽവരാൻ സാധ്യതയുള്ള കെട്ടിടങ്ങൾക്കായി കെട്ടിട നമ്പർ മുൻകൂട്ടി റിസർവ് ചെയ്യാനും സൗകര്യമുണ്ട്. കെ-സ്മാർട്ടിൽ പഴയ കെട്ടിട നമ്പർ നൽകിയാൽ, പുതിയ നമ്പർ ഏതെന്ന് അറിയാനാകും. ബിൽഡിങ് കാർഡിൽ കെട്ടിട നമ്പറിന് പുറമേ പെർമിറ്റ്, പിന്നീട് നടത്തിയ കൂട്ടിച്ചേർക്കലുകൾ തുടങ്ങിയ വിവരങ്ങളും ഉണ്ടാകും. സംസ്ഥാനത്താകെ 1.5 കോടി കെട്ടിടങ്ങളാണ് ഉള്ളത്. കെട്ടിട നമ്പർ ഇടയ്ക്കിടെ മാറുന്നത് ഒഴിവാക്കാൻ ഡിജിപിൻ നടപ്പിലാക്കുന്നത് പരിഗണനയിലാണ്. ഇതിനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുമെന്നും സന്തോഷ് ബാബു പറഞ്ഞു.

(ദേശാഭിമാനി, ജനുവരി )

## വീടുകളുടെ കണക്കെടുപ്പ് ഏപ്രിലിൽ

2027 ഫെബ്രുവരിയിൽ ആരംഭിക്കുന്ന സെൻസസിന്റെ ആദ്യ ഘട്ടമെന്നനിലയിൽ വീടുകളുടെ കണക്കെടുപ്പ് (ഹൗസിങ് സെൻസസ്) ഇക്കൊല്ലം ഏപ്രിലിൽ ആരംഭിക്കും. സെപ്റ്റംബറിനുള്ളിൽ പൂർത്തിയാക്കാനാണ് നിർദേശം. സെൻസസ് നടപടികളുടെ തുടക്കമെന്ന നിലയിൽ കളക്ടർമാർ മുതൽ ഉദ്യോഗസ്ഥർക്കുവരെ ചുമതല നൽകി പൊതുഭരണവകുപ്പ് വിജ്ഞാപനം പുറത്തിറക്കി. രണ്ടാംഘട്ടമായി 2027 ഫെബ്രുവരിയിൽ ജനങ്ങളുടെ കണക്കെടുപ്പ് നടത്തും. ഇതിനൊപ്പം ജാതിസെൻസസും നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഡിജിറ്റൽ മാധ്യമം ഉപയോഗിക്കുന്ന ആദ്യ സെൻസസെന്ന പ്രത്യേകതയും ഇക്കുറിയുണ്ട്. പ്രത്യേക മൊബൈൽ ആപ്ലിക്കേഷനും പോർട്ടലും ഇതിനായി സജ്ജമാക്കും. വ്യക്തികൾക്ക് നേരിട്ട് വിവരങ്ങൾ നൽകാനുള്ള സൗകര്യം പോർട്ടലിൽ ഒരുക്കും. ഹൗസിങ് സെൻസസിന് പ്രത്യേക ചോദ്യാവലി തയ്യാറാക്കിയാവും ഉദ്യോഗസ്ഥർ വീടുകളിലെത്തുക. കളക്ടർമാരാണ് അതത് ജില്ലകളിലെ പ്രിൻസിപ്പൽ സെൻസസ് ഓഫീസർ. ഡെപ്യൂട്ടി കളക്ടർക്ക് (ജനറൽ) ജില്ലയിലെ സെൻസസ് ഓഫീസറുടെ ചുമതലയും നൽകി. തദ്ദേശ ജോയിന്റ് ഡയറക്ടർ മുതൽ ആർഡിഒ വരെയുള്ള ജില്ലാതല ഉദ്യോഗസ്ഥർ അഡീഷണൽ സെൻസസ് ഓഫീസറുടെ ചുമതലയിലുണ്ടാകും. താലൂക്കുകളിൽ തഹസിൽദാർമാർക്കാണ് മേൽനോട്ടം. മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പൽ ടൗൺ, കന്റോൺമെന്റ് എന്നിവിടങ്ങളിൽ അതത് മുനിസിപ്പൽ സെക്രട്ടറിമാരെയും ചുമതലപ്പെടുത്തി. രാജ്യത്തെ 16ാമത്തെയും സ്വതന്ത്ര ഇന്ത്യയിലെ എട്ടാമത്തെയും സെൻസസാണ് 2027ൽ നടക്കുന്നത്.

(മാതൃഭൂമി, ജനുവരി 1)

## സെൻസസ് ഒന്നാംഘട്ടം ഏപ്രിൽ 1 മുതൽ

ജനസംഖ്യാ കണക്കെടുപ്പിന്റെ (സെൻസസ് 2027) ആദ്യഘട്ടം ഏപ്രിൽ ഒന്നിനും സെപ്റ്റംബർ 30നും ഇടയിൽ നടക്കും. സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ഇതിനിടയിലുള്ള സൗകര്യപ്രദമായ 30 ദിവസം തിരഞ്ഞെടുക്കാം. ഇതുസംബന്ധിച്ച വിജ്ഞാപനം കേന്ദ്ര ആഭ്യന്തര മന്ത്രാലയം പ്രസിദ്ധീകരിച്ചു. ഓരോ വീട്ടിലെയും അടിസ്ഥാന സാഹചര്യങ്ങൾ, ആസ്തികൾ, സൗകര്യങ്ങൾ തുടങ്ങിയ വിവരങ്ങളാണ് ആദ്യഘട്ടമായ ഹൗസ് ലിസ്റ്റിങ് ഓപ്പറേഷനിൽ ശേഖരിക്കുക. വീട്ടുവീടാന്തരം കയറിയുള്ള വിവരശേഖരണത്തിനു മുന്നോടിയായി വ്യക്തികൾക്ക് സ്വയം വിവരങ്ങൾ നൽകാൻ 15 ദിവസം അനുവദിക്കും. എന്യൂമറേറ്റർമാരും സൂപ്പർവൈസർമാരും ഉൾപ്പെടെ 30 ലക്ഷത്തിലേറെ ഉദ്യോഗസ്ഥരെയാണു വിവരശേഖരണത്തിനും തുടർനടപടികൾക്കും നിയോഗിക്കുന്നത്. ജനുവരി 15നകം ഉദ്യോഗസ്ഥവിന്യാസം പൂർത്തിയാക്കാൻ സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും നിർദേശിച്ചു. കേരളത്തിൽ എഴുപതിനായിരത്തോളം ഉദ്യോഗസ്ഥർക്കാകും ചുമതല. ഓരോ എന്യൂമറേറ്ററും 700-800 പേരുടെ വിവരങ്ങളാണു ശേഖരിക്കേണ്ടത്. 2027 ഫെബ്രുവരിയിൽ രണ്ടാം ഘട്ടത്തിൽ ഓരോ വീട്ടിലെയും അംഗങ്ങളുടെ എണ്ണം, ഓരോ വ്യക്തിയുടെയും സാമൂഹിക-സാമ്പത്തിക വിശദാംശങ്ങൾ ഉൾപ്പെടെ വിവരങ്ങൾ ശേഖരിക്കും. ജാതി സെൻസസും ഒപ്പം നടത്തും.

(മലയാള മനോരമ, ജനുവരി 8)

## ആധാറിന്റെ വിശേഷങ്ങൾ ഇനി 'ഉദയ്' പറയും

ആധാറിന്റെ ഔദ്യോഗിക ചിഹ്നം വിരിഞ്ഞത് മലയാളിയുടെ രൂപകൽപ്പനയിൽ. ഔദ്യോഗിക ചിഹ്നം രൂപകൽപന ചെയ്യാൻ സംഘടിപ്പിച്ച അഖിലേന്ത്യ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയത് തൃശൂർ സ്വദേശി അരുൺ ഗോകുൽ. ആധാർ സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് അരുൺ ഡിസൈൻ ചെയ്ത ആനക്കുട്ടിയെ യൂണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ തെരഞ്ഞെടുത്തത്. ഉദയ് എന്നാണ് ആനക്കുട്ടിക്ക് പേരിട്ടത്. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ചെയർമാൻ നീലകണ്ഠമിശ്ര ഔദ്യോഗിക ചിഹ്നം അനാവരണം ചെയ്തു. ആധാർ വിവരങ്ങൾ പുതുക്കൽ, പ്രാമാണീകരണം, ഓഫ്ലൈൻ വെരിഫിക്കേഷൻ, തെരഞ്ഞടുത്ത വിവരങ്ങൾ പങ്കിടൽ, പുതിയ സാങ്കേതികവിദ്യ സ്വീകരിക്കൽ , ഉത്തരവാദിത്തമുള്ള ഉപയോഗം തുടങ്ങി ആധാറിന്റെ വിവിധ സേവനങ്ങളെക്കുറിച്ച ആശയവിനിമയം നടത്തുന്നത് ഇനി ഉദയ് ആയിരിക്കും. മത്സരത്തിൽ 875 എൻട്രികളാണ് ലഭിച്ചത്. പുണെ സ്വദേശി ഇദ്രിസ് ദാവൈവാല രണ്ടാം സ്ഥാനവും യുപി സ്വദേശി കൃഷ്ണ ശർമ മൂന്നാം സ്ഥാനവും നേടി. ഔദ്യോഗിക ചിഹ്നത്തിന് പേര് നൽകാനുള്ള മത്സരത്തിൽ ഭോപ്പാലിൽനിന്നുള്ള റിയ ജെയിനായിരുന്നു ഒന്നാം സ്ഥാനം.

(മാധ്യമം, ജനുവരി 9)

## ഹൈക്കോടതി ചീഫ് ജസ്റ്റിസായി സൗമെൻ സെൻ ചുമതലയേറ്റു

ജസ്റ്റിസ് സൗമെൻ സെൻ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി ചുമതലയേറ്റു. ലോക്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി പിണറായി വിജയൻ നിയമ മന്ത്രി പി. രാജീവ്, സ്പീക്കർ എ.എൻ. ഷംസീർ, വി.കെ. പ്രശാന്ത് എംഎൽഎ, മേയർ വി.വി. രാജേഷ്, ചീഫ് സെക്രട്ടറി എ. ജയതിലക്, ഡിജിപി റവാഡ ചന്ദ്രശേഖർ, ഹൈക്കോടതി ജഡ്ജിമാരായ എ.കെ. ജയശങ്കരൻ നമ്പ്യാർ, ദേവൻ രാമചന്ദ്രൻ, അനിൽ കെ. നരേന്ദ്രൻ, ശുശ്രുത് എ. ധർമാധികാരി, കെ. ബാബു, കേരള ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് മഞ്ജുള ചെല്ലൂർ, സുപ്രീംകോടതി മുൻ ജഡ്ജി ഇന്ദിര ബാനർജി, വൈസ് ചാൻസലർമാരായ മോഹനൻ കുന്നുമ്മൽ, സജി ഗോപിനാഥ്, സിസാ തോമസ്, അഡ്വക്കറ്റ് ജനറൽ കെ. ഗോപാലകൃഷ്ണ കുറുപ്പ് തുടങ്ങിയവർ പങ്കെടുത്തു.

മാതൃഭൂമി, ജനുവരി 11


**Chief Editor:** B.S. Prakash
**Editor:** K.M. Ayyappan
**Editorial Team:**
Sureshkumar.A
James.P.J
**Photography:**
I&PRD
Aravind.M.A
**Layout:**
Bridgingdots
Media Solutions

ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേത് മാത്രമാണ്



ശ്രീ. എസ്.അനിൽകുമാറിന്റെ യാത്രയയപ്പ് ചടങ്ങ്

# തദ്ദേശസ്വയംഭരണം വ്യാപ്തിയും പ്രാപ്തിയും



**പി.ജെ. ജയിംസ്**
ജോയിന്റ് സെക്രട്ടറി
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ 2025 ലെ പൊതുതിരഞ്ഞെടുപ്പിനു ശേഷം പുനർ രൂപീകരിക്കപ്പെട്ടിരിക്കുന്നു. പുനർ രൂപീകരിക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവയെ ഭരമേൽപ്പിക്കപ്പെട്ട വിവിധ വിഷയങ്ങളെ ഏകോപിപ്പിച്ച് മുന്നോട്ട് നയിക്കുന്നതിന് അവയുടെ അദ്ധ്യക്ഷരും ഉപാദ്ധ്യക്ഷരും തിരഞ്ഞെടുക്കപ്പെട്ട് ചുമതലയേറ്റെടുത്തിരിക്കുന്നു. വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു നയപരിപാടികൾക്കും പദ്ധതികൾക്കും രൂപം നൽകാൻ വിഷയസമിതികളായ സ്ഥിരം സമിതികളും (Standing Committees) അതിലെ അദ്ധ്യക്ഷരും ചുമതലയേറ്റെടുത്തിരിക്കുകയാണ്. ഇതിൽ നിന്നെല്ലാം വ്യക്തമാക്കപ്പെടുന്നത് തദ്ദേശസ്ഥാപനങ്ങളുടെ ഭരണപരമായ പ്രവർത്തനങ്ങൾ അവയുടെ അദ്ധ്യക്ഷൻമാരും വിവിധ സമിതികളും ഉൾപ്പെട്ട കൂട്ടായ പ്രവർത്തനങ്ങളിലധിഷ്ഠിതമായതും, അതൊരു നിയതമായ നടപടിക്രമങ്ങളുടെ (Due Process of Law) ഫലപ്രാപ്തിയും കൂടിയാണ് എന്നതാണ്.

ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും ഒരു ഏകാംഗീകൃതനികായം ( Body Corporate) ആണ്. അവയ്ക്ക് ശാശ്വതമായ പിന്തുടർച്ചാവകാശവും പൊതുമുദ്രയും ഉണ്ടായിരിക്കുന്നതും അതിന്റെ ഏകാംഗീകൃത നാമത്തിൽ വ്യവഹരിക്കുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യുന്നതിനും ജംഗമമോ സ്ഥാവരമോ ആയ വസ്തുവകകൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനും കരാറുകളിൽ ഏർപ്പെടുന്നതിനും അത് ഏത് ഉദ്ദേശത്തിലേക്കാണോ രൂപീകരിക്കപ്പെട്ടത് ആ ഉദ്ദേശങ്ങൾക്ക് അവശ്യവും ഉചിതവും യുക്തവും ആയ എല്ലാ കാര്യങ്ങളും ചെയ്യുന്നതിനുള്ള ക്ഷമത അതിനുണ്ടായിരിക്കുന്നതുമാണ്. മാത്രമല്ല പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി ആക്ടിൻ കീഴിലോ അഥവാ തൽസമയം നിലവിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലോ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങളും ചുമതലകളും, ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുന്നതിനാവശ്യമായ അധികാരശക്തികളും അതിനുണ്ടായിരിക്കുന്നതുമാണ്.

1994–ൽ ഇത്രയും സുശക്തമായ പ്രാദേശിക ഭരണസംവിധാനമായി തദ്ദേശസ്ഥാപനങ്ങളെ വാർത്തെടുത്തത് അന്നത്തെ ഗ്രാമ നഗര ഭരണസംവിധാനത്തെ പുനസംഘടിപ്പിച്ചു ശക്തിപ്പെടുത്തി കൂടുതൽ ജനാധിപത്യവൽക്കരിക്കുന്നതിനുള്ള നിയമപരമായ ശ്രമത്തിന്റെ ഭാഗമായാണ്. അപ്രകാരമാണ് സാമൂഹ്യനീതിക്കും പ്രാദേശിക സാമ്പത്തിക വികസനത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു തയ്യാറാക്കുന്നതിനും അത് നടപ്പിലാക്കുന്നതിനും പ്രാപ്യമായ തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപം കൊണ്ടത്.

തദ്ദേശസ്ഥാപനങ്ങളിലെ അദ്ധ്യക്ഷരുടെ കർത്തവ്യമെന്താണ് എന്നത് ഏതൊരു വോട്ടറുടെയും സംശയമാണ്. എല്ലാ തദ്ദേശസ്ഥാപനങ്ങളിലെയും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യക്ഷരും ഉപാദ്ധ്യക്ഷരും ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അദ്ധ്യക്ഷർ ആ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മുഴുവൻസമയ കാര്യനിർവ്വഹണാധികാരസ്ഥർ ആയിരിക്കുന്നതാണ്. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കൈക്കൊള്ളുന്ന എല്ലാ തീരുമാനങ്ങളും നടപ്പിലാക്കുന്നതിന്റെയും നിയമപ്രകാരം നിർവ്വഹിക്കേണ്ട മറ്റു ചുമതലകളുടെയും ആവശ്യത്തിലേക്കായുള്ള നിർവ്വഹണാധികാരം അദ്ധ്യക്ഷരിൽ നിക്ഷിപ്തമായിരിക്കും. അതായത് ചുമതലപ്പെട്ട എല്ലാ കർത്തവ്യങ്ങളും യഥാവിധി നിറവേറ്റുന്നതിന് അദ്ധ്യക്ഷർക്ക് നേരിട്ട് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്. അദ്ധ്യക്ഷരുടെ അഭാവത്തിൽ മേൽ ചുമതലകൾ നിർവ്വഹിക്കേണ്ടത് ഉപാദ്ധ്യക്ഷരാണ്. മാത്രമല്ല, ഉപാദ്ധ്യക്ഷർ ധനകാര്യസ്ഥിരം സമിതിയുടെ അദ്ധ്യക്ഷരുമായിരിക്കുന്നതാണ്.

അദ്ധ്യക്ഷരും ഉപാദ്ധ്യക്ഷരും അറിയപ്പെടുന്നത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വകഭേദങ്ങളായ ത്രിതല പഞ്ചായത്ത് ഭരണസംവിധാനത്തിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നീ പദവികളിലും, മുനിസിപ്പൽ കൗൺസിൽ തലത്തിൽ ചെയർപേഴ്സൺ, ഡപ്യൂട്ടി ചെയർപേഴ്സൺ എന്നീ പദവികളിലും, മുനിസിപ്പൽ കോർപ്പറേഷൻ തലത്തിൽ മേയർ, ഡപ്യൂട്ടി മേയർ എന്നീ പദവികളിലുമാണ്. ഇതു കൂടാതെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജില്ലകളുടെ ആസൂത്രണകമ്മിറ്റിയുടെ ചെയർപേഴ്സൺ എന്ന ഭരണഘടനാ പദവി കൂടി വഹിക്കുന്നുണ്ട്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അധികാരപരിധിയിൽ വരുന്ന വൈവിധ്യമാർന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് വിവിധ സ്ഥിരം സമിതികൾക്ക് നിയമം മൂലം അവ വീതിച്ചു നൽകിയിട്ടുണ്ട്. ഈ വിധം ഓരോ ഗ്രാമ പഞ്ചായത്തിലും ബ്ളോക്ക്പഞ്ചായത്തിലും നാലുവീതം സ്ഥിരം സമിതികളും ജില്ലാപഞ്ചായത്തിൽ അഞ്ച് സ്ഥിരം സമിതികളും ഒരു മുനിസിപ്പൽ കൗൺസിലിൽ ആറ് സ്ഥിരംസമിതികളും, ഒരു മുനിസിപ്പൽ കോർപ്പറേഷനിൽ എട്ട് സ്ഥിരംസമിതികളും വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്തുവരുന്നു.

അദ്ധ്യക്ഷരും ഉപാദ്ധ്യക്ഷരുമൊഴികെ ഒരു തദ്ദേശസ്ഥാപനത്തിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളും അതിലെ ഏതെങ്കിലുമൊരു സ്ഥിരം സമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗമായിരുന്ന് അവിടത്തെ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ നിയമപരമായി ബാധ്യസ്ഥരാണ്.

ഓരോ തദ്ദേശസ്ഥാപനവും ഒരു മാസമെന്ന പരമാവധി ഇടവേള അധികരിക്കാതെ നിയമപരമായി ചേരേണ്ട യോഗം വീഴ്ചകൂടാതെ യഥാവിധി ചേരുക, അജൻഡകൾ ചർച്ച ചെയ്ത് തീരുമാനങ്ങളെടുക്കുക എന്നതാണ് ആ സ്ഥാപനത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ കർത്തവ്യവും അതിന്റെ നിയമപരമായ പ്രവർത്തന അസ്ഥിത്വവും. അപ്രകാരം യോഗം വിളിച്ച് ചേർക്കുന്നതിനുള്ള നിയമപരമായ ബാധ്യത അദ്ധ്യക്ഷരിൽ നിക്ഷിപ്തവുമാണ്. തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളെ സംബന്ധിച്ചും അത്തരം യഥാവിധിയിലുള്ള യോഗങ്ങൾ വിളിച്ചുചേർക്കപ്പെടുന്നതിനും അതിൽ പങ്കെടുക്കുന്നതിനും നിയമപരമായ അവകാശവും ബാധ്യതയുമുണ്ടായിരിക്കുന്നതാണ്. അതുകൂടാതെ ചട്ടങ്ങൾക്ക് വിധേയമായി പ്രമേയം അവതരിപ്പിക്കുന്നതിനും അദ്ധ്യക്ഷരോടും സ്ഥിരം സമിതിയദ്ധ്യക്ഷരോടും ചോദ്യങ്ങൾ ചോദിക്കുന്നതിനുമുള്ള പ്രാഥമിക അവകാശം ഉണ്ടായിരിക്കുന്നതും പൊതുജനങ്ങളുടെ ആവശ്യങ്ങളും തദ്ദേശസ്ഥാപനം ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികളെ സംബന്ധിച്ച ശ്രദ്ധക്ഷണിക്കലുകളും മറ്റും അത്തരം ചോദ്യങ്ങളിൽ ഉൾപ്പെടുന്നതുമാണ്.

തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ തടസ്സമില്ലാതെയുള്ള പ്രവർത്തനത്തിനാവശ്യമായ സ്റ്റീയറിങ് കമ്മിറ്റിയും, പ്രർത്തന കമ്മിറ്റികളും, സബ്കമ്മിറ്റികളും, ജോയിന്റ് കമ്മിറ്റികളും രൂപീകരിക്കുന്നതിനാവശ്യമായ അധികാരവകാശങ്ങൾ അവയ്ക്ക് ഉണ്ടായിരിക്കുന്നതാണ്. കൂടാതെ പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങളിലെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനാവശ്യമായ ബൈലോകൾ ചട്ടപ്രകാരം നടപടിക്രമം പാലിച്ചുണ്ടാക്കുന്നതിനുള്ള അധികാരവും അവയിൽ നിക്ഷിപ്തമാണ്.

അധികാരവികേന്ദ്രീകരണപ്രക്രിയയുടെ ഭാഗമായി ആവിഷ്ക്കരിക്കപ്പെട്ട തദ്ദേശസ്വയംഭരണം എന്ന ആശയം എത്ര ക്രിയാത്മകമായാണ് നിയമം മൂലം സ്ഥാപനവൽക്കരിക്കപ്പെട്ടിരിക്കുന്നതെന്നാണ്. തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തന സംഹിതകളുടെ വിവരണത്തിൽ നിന്നും വ്യക്തമാകുന്നത്. തദ്ദേശസ്ഥാപനങ്ങളുടെ ശരിയായ രീതിയിലുള്ള പ്രവർത്തനം ജനങ്ങളുടെ ആശയാഭിലാഷങ്ങൾ നിറവേറ്റുന്നതിനുള്ള വ്യാപ്തിയും പ്രാപ്തിയും പേറുന്നതാണ്.




നാഷണൽ വോട്ടേഴ്സ് ദിനാഘോഷത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച പരിപാടിയിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ സംസാരിക്കുന്നു. കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, രത്തൻ.യു.ഖേൽക്കർ (മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, കേരളം) എന്നിവർ വേദിയിൽ